# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.417

### 04-02-2020 ൽ മറുപടിക്ക്

**കിഫ്ബി പദ്ധതികൾ**

| ചോദ്യം<br>ശ്രീ. കെ.എസ്. ശബരീനാഥൻ | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) കിഫ്ബി ഇതുവരെ എത്ര കോടി രൂപയുടെ പദ്ധതികൾക്കാണ് അംഗീകാരം നൽകിയതെന്ന് വെളിപ്പെടുത്താമോ; | കിഫ്ബി നാളിതുവരെ 54391.47 കോടി രൂപയുടെ പദ്ധതികൾക്കാണ് അംഗീകാരം നൽകിയിട്ടുള്ളത്. |
| (ബി) ഇതിൽ എത്ര തുകയ്ക്കുള്ള പദ്ധതികൾ ടെൻഡർ നടപടികൾ പൂർത്തിയാക്കി നിർമ്മാണ പ്രവർത്തനം ആരംഭിച്ചുവെന്ന് വ്യക്തമാക്കാമോ; | ഇതിൽ 10581.78 കോടി രൂപയ്ക്കുള്ള പദ്ധതികൾ ടെൻഡർ നടപടികൾ പൂർത്തിയാക്കി നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |
| (സി) നിർമ്മാണം ആരംഭിച്ച പദ്ധതികളിൽ എത്ര പദ്ധതികൾ ഇതിനകം പൂർത്തിയാക്കിയെന്നും പൂർത്തിയാക്കിയ പദ്ധതികളുടേത് മൊത്തം അടങ്കൽ എത്ര കോടി രൂപയാണെന്നും അറിയിക്കാമോ? | നിർമ്മാണം ആരംഭിച്ച പദ്ധതികളിൽ ഇതിനകം 13 പദ്ധതികൾ പൂർണമായും, 8 പദ്ധതികളുടെ വിവിധ ഘടകങ്ങളും 46 ആശുപത്രികളിൽ കാത്ത് ലാബ്/ ഡയാലിസിസ് യൂണിറ്റുകളുടെ സ്ഥാപിക്കലും 33 സ്കൂൾ കെട്ടിടങ്ങളുടെ നിർമാണവും പൂർത്തിയാക്കിയിട്ടുണ്ട്. പൂർത്തിയാക്കിയ പദ്ധതികളുടെ മൊത്തം അടങ്കൽ തുക 1764.27 കോടി രൂപയാണ്. |

സെക്ഷൻ ഓഫീസർ